D. C. HEAD CONSTABLES

61. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന സദയം മറുപടി പറയുമോ.—

(എ) അധഃകൃതരിൽനിന്ന എത്രപേർ പോലീസ്സ് ഹെഡ്കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളവർ ഉണ്ട്;

(ബി) ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ള ആരെയെങ്കിലും അധഃകൃതരിൽനിന്ന് ഹെഡ് കോൺസ്റ്റബിളായി നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണ് നിയമിച്ചിട്ടുള്ളത്?

റാവു ബഹദൂർ എ. മാധവപ്രഭു :

(എ) അങ്ങിനെ ട്രെയിനിംഗ് ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉത്തരം ആവശ്യമില്ല.

NON-AIDED SCHOOLS—STATISTICS OF

62. **Mrs. T. Francis** *(Ernakulam-Women):* Will Government be pleased to state.—

(*a*) whether they have any statistics showing the total number of non-aided schools in this State;

(*b*) if the answer is in the affirmative will they be pleased to state.—

i. the total number of such schools

ii. the total number of teachers in them

iii. the average monthly pay of those teachers?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) Yes.

(*b*)

i. 88.

ii. Rs. 557.

iii. Rs. 27,540 a month.

Note.—(1) Prepartory classes attached to many of the Secondary Schools are aided. These schools are still classified as unaided schools. In other respects, only schools which are completely unaided are taken into account in preparing the above figures. This means that schools in which one or two classes remain unaided, are treated as aided schools.

(2) Out of the above 88 schools, 2 schools are pending recognition.

PETROL—DISTRIBUTION OF

63. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) കൊച്ചീക്ക് ഒരു കാലാട്ടറിൽ ലഭിക്കുന്ന പെട്രോൾ വിഹിതം എത്രയാണ്;

(ബി) ഇതിൽ സ്റ്റോറുകാറുകൾക്ക്, ഉദ്യോഗസ്ഥന്മാരുടെ കാറുകൾക്ക്, ഗവൺമെണ്ട വക മറ്റു വാഹനങ്ങൾക്ക് എത്ര ഗാലൻ വീതം പെട്രോൾ ഒരു കാലാട്ടറിൽ നൽകപ്പെടുന്നുണ്ട്;

(സി) ഇതെല്ലാം കഴിച്ചുള്ള പെട്രോളിൽ പ്രൈവറ്റ കാറുകൾക്കും, ബസ്സുകൾക്കും, ലോറികൾക്കും എത്ര ഗാലൻ പെട്രോൾ വീതമാണ് ഒരു കാലാട്ടറിൽ കൊടുക്കുന്നത്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഓരോ കാലാട്ടറിലേക്കുള്ള പെട്രോൾ വിഹിതം അതാത തവണ ഇന്ത്യാഗവൺമെണ്ട് അനുവദിച്ചതനുസരിച്ചാണ്. ഫൻർ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ കാലാട്ടറിലേക്ക് അനുവദിച്ചത് ൧,൪൯,൦൦൦+൨൦,൦൦൦=൧,൬൯,൦൦൦ ഗാലനാണ്.

(ബി) & (സി) ഫൻർ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ കാലാട്ടറിൽ എല്ലാതരം കാറുകൾക്കും കൂടി കൊടുത്തത് ൪൫,൯൫൦ ഗാലൻ, ബസ്സുകൾക്ക് ൯൩,൬൬൭ ഗാലൻ, ലോറികൾക്ക് ൩൫,൨൨൨ ഗാലൻ.

PETITIONS RECEIVED BY REVENUE OFFICERS 1121 AND 1122

64. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക മറുപടി തരുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) ൧൯൨൯, ൧൯൩൨ എന്നീ കൊല്ലങ്ങളുടെ ആദ്യത്തെ ആറുമാസങ്ങളിൽ റവന്യു വകുപ്പിൽപെട്ട ഉദ്യോഗസ്ഥന്മാർക്ക ആകെ ലഭിച്ചിട്ടുള്ള ഹർജികളെത്ര;

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Varghese]

(ബി) മേല്പറഞ്ഞ ഹർജികളിൽ അതാതുകൊല്ലം ആദ്യത്തെ ഒൻപതു മാസത്തിനുള്ളിൽ തീരുമാനം ചെയ്തിട്ടുള്ളവ എത്ര?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) & (ബി) ആവശ്യപ്പെട്ടിരിക്കുന്ന വിവരം ശേഖരിപ്പാൻ വേണ്ടിവരുന്ന സമയവും ആലോചനയും അതുകൊണ്ടു സാധിക്കാവുന്ന കാര്യത്തിനാവശ്യമായല്ല ഇരിക്കുന്നതു്.

CULTIVATED LAND IN CHEMPAKASSERI, TATTAMANGALAM VILLAGE

65. **Mr. A. Eachara Menon** *(Chittur-Tattamangalam):* Will Government be pleased to state.—

(*a*) whether they are aware that there are few acres of land in Chempakasseri, Tattamangalam village which have not the benefit of the irrigation under the Moolathura system;

(*b*) whether they are aware that about twenty acres of land have not been cultivated for want of water facilities;

(*c*) the other lands are not yielding as they ought to for want of water?

Rao Sahib K. Ayyappan *(Minister for Public Works):*

(*a*) Yes.

(*b*) Yes. But, for the past few years single crop is usually raised in this area.

(*c*) Yes. But, these lands do not come under the regular anicut of the Moolathura system and extensions to this system are discouraged due to paucity of water.

OBJECTION REGARDING—CRIMINAL LAW AMENDMENT ACT

66. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ക്രിമിനൽ ലോ ഭേദഗതി ആക്ടിൽ പത്രങ്ങളുടെ പ്രവർത്തനസ്വാതന്ത്ര്യത്തെ തടയുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു മുമ്പായി പത്ര ഉപദേശകസമിതിയോടു് ആലോചിക്ക ഉണ്ടായിട്ടുണ്ടോ;

(ബി) ഇതിനെ സംബന്ധിച്ചു് കമ്മിറ്റി എതിരഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടോ?

റാവു സാഹിബു് എ. മാധവപ്രഭു:

(എ) ഇല്ല.

(ബി) ഇല്ല.

RAM MOHAN PALACE—TAKING CHARGE OF—

67. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) യുദ്ധകാലത്തു് മിലിട്ടറിക്കാരുടെ കയ്യിലിരുന്ന റാംമോഹൻ പാലസ്സു് ഇപ്പോൾ മുഴുവനായും ഗവൺമെണ്ടു് ഏറ്റെടുത്തിട്ടുണ്ടോ; അവിടെയുണ്ടായിരുന്ന മെഡിക്കൽ ഉപകരണങ്ങളും ഗവൺമെണ്ടു് വാങ്ങിച്ചിട്ടുണ്ടോ;

(ബി) എത്ര മാസങ്ങളായി ഇവയെല്ലാം ഗവൺമെണ്ടിന്റെ കൈവശം കിട്ടിയിട്ടു്;

(സി) എറണാകുളത്തെ "ജനറൽ ഹോസ്പിറ്റൽ" അങ്ങോട്ടു മാറ്റണമെന്നു് വല്ല ആലോചനയുമുണ്ടായിരുന്നുവോ;

(ഡി) ഉണ്ടെങ്കിൽ ഇതുവരേക്കും അങ്ങിനെ ചെയ്യാത്തതു് എന്തുകൊണ്ടു്?

റാവു ബഹദൂർ ടി കെ. നായർ:

(എ) ഉവ്വു്.

(ബി) രണ്ടാഴ്ചകഴിഞ്ഞു.

(സി) ഉവ്വു്.

(ഡി) ഇതിനു ഗവൺമെണ്ടു് വേണ്ട നടപടി എടുക്കുന്നുണ്ടു്.

PETROL SUPPLY TO MESSRS. GANNAN DUNKERLY & CO.

68. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

തൃശ്ശിവപേരൂർ മുനിസിപ്പൽ റോഡു് കോൺക്രീറു് ഇടുന്ന മെസ്സേഴ്സു് ഗാനൻ ഡങ്കേർലി കമ്പനിക്കാർക്കു കൊടുക്കുന്ന പെട്രോളിന്റെ വില അവർ തരുമോ?

റാവു സാഹിബു് കെ. അയ്യപ്പൻ: മെസ്സേഴ്സു് ഗാനൻ ഡങ്കേർലി കമ്പനിക്കാർതന്നെയാണു് പെട്രോളിന്റെ വില കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly